# റോമിൽ നടക്കുന്ന സിനഡിന്റെ വിജയത്തിനായുള്ള പ്രാർത്ഥന

## സീറോമലബാർസഭയിലെ എല്ലാ ദൈവാലയങ്ങളിലും
## വിശുദ്ധ കുർബാനയിലെ കാറോസൂസായിൽ ചേർത്തുചൊല്ലേണ്ടത്.

(2023 ഒക്ടോബർ ഒന്നാംതിയതി ഞായറാഴ്ചമുതൽ 29 ഞായറാഴ്ചവരെ)

**ശുശ്രൂ.** എമ്മാവൂസിലേക്കുപോയ ശിഷ്യന്മാരോടൊപ്പം യാത്രചെയ്തു
വിശുദ്ധലിഖിതം വിശദീകരിക്കുകയും
അപ്പമെടുത്തു ആശീർവദിച്ചു മുറിച്ചുനല്കുകയും
അതുവഴി അവരുടെ ഹൃദയങ്ങളെ ജ്വലിപ്പിക്കുകയുംചെയ്ത മിശിഹായേ,
ഫ്രാൻസിസ് മാർപാപ്പയുടെ നേതൃത്വത്തിൽ
റോമിൽ നടക്കുന്ന മെത്രാന്മാരുടെ സിനഡിനെയും
അതിൽ പങ്കെടുക്കുന്ന എല്ലാവരെയും
പരിശുദ്ധാത്മാവിനാൽ നയിക്കുകയും പ്രകാശിപ്പിക്കുകയും ചെയ്യണമേ.
കൂട്ടായ്മയിലും പങ്കാളിത്തത്തിലും പ്രേഷിതദൗത്യത്തിലും ശക്തിപ്പെട്ടു
കാലത്തിന്റെ ആവശ്യങ്ങളനുസരിച്ചു പുതിയ സമീപനങ്ങൾ സ്വീകരിക്കാനും
സുവിശേഷത്തിനു സജീവവും ആകർഷകവുമായ സാക്ഷ്യംനല്കാനും ഉതകുന്ന
സഭാജീവിതശൈലി രൂപപ്പെടുത്താൻ
ഈ സിനഡുസമ്മേളനത്തെ അനുഗ്രഹിക്കണമേ എന്നു ഞങ്ങൾ പ്രാർഥിക്കുന്നു.

**സമൂ.** കർത്താവേ, ഞങ്ങളുടെമേൽ കരുണയുണ്ടാകണമേ.

*******************************************